P.J.M. U.P. SCHOOL
AYMANAM

# അക്കാദമിക് മാസ്റ്റർപ്ലാൻ

## പി.ജെ.എം യു.പി സ്കൂൾ,
## അയ്മനം



### കോട്ടയം വെസ്റ്റ് ഉപജില്ല

# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. നിലവിലെ അടിസ്ഥാന വിശകലനം
4. ഭൌതികം – നേട്ടങ്ങൾ
5. അക്കാദമികം – നേട്ടങ്ങൾ , പരിമിതികൾ
6. അടിസ്ഥാനവിവരങ്ങൾ
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
8. പൊതുവായ അക്കാദമിക പ്രവർത്തനങ്ങൾ
9. പദ്ധതി വിശദാംശങ്ങൾ
10. ഉപസംഹാരം

## 6. അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | - | പി.ജെ.എം യു.പി സ്കൂൾ |
| 2. വിലാസം - | - | അയ്മനം പി.ഒ, കോട്ടയം- 686015 |
| 3. വിദ്യാഭ്യാസ ഉപജില്ല- | - | കോട്ടയം വെസ്റ്റ് |
| 4. വിദ്യാഭ്യാസ ജില്ല- | - | കോട്ടയം |
| 5. റവന്യൂ ജില്ല- | - | കോട്ടയം |
| 6. ബി.ആർ. സി - | - | കോട്ടയം വെസ്റ്റ് |
| 7. സി. ആർ. സി - | - | കുടമാളൂർ |
| 8. ഗ്രാമപഞ്ചായത്ത് - | - | അയ്മനം |
| 9. ബ്ലോക്ക് പഞ്ചായത്ത് - | - | ഏറ്റുമാനൂർ |
| 10. ജില്ലാ പഞ്ചായത്ത് - | - | കോട്ടയം |
| 11. നിയമസഭാ മണ്ഡലം - | - | ഏറ്റമാനൂർ |
| 12. ലോകസഭാമണ്ഡലം - | - | കോട്ടയം |
| 13. താലൂക്ക് - | - | കോട്ടയം |
| 14. വില്ലേജ് - | - | അയ്മനം |
| 15. ഇ-മെയിൽ അഡ്രസ്സ് - | - | pjmupschoolaymanam@gmail.com |

## 7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ- സംഗ്രഹം

| അക്കാദമികം | ഭൌതികം | സാമൂഹികം |
|---|---|---|
| വായനശീലം വളർത്തുക | ഭോജനശാല | സ്കൂൾ പടിക്കൽ വായനാമൂല |
| ഭാഷാശേഷി വികസനം | സ്റ്റാഫ് റൂം നവീകരിക്കൽ | എം പി റ്റി എ ശക്തിപ്പെടുത്തൽ |
| ഗണിതപഠനം ശക്തിപ്പെടുത്തൽ | കൃഷിത്തോട്ടം | വിദ്യാലയ വികസന സമിതി രൂപീകരിക്കൽ |
| റേഡിയോ പ്രക്ഷേപണ പരിപാടികൾ | ലൈബ്രറി | പൂർവ്വവിദ്യാർത്ഥി സംഘടന രൂപീകരിക്കുക |
| കൈയ്യെഴുത്ത് മാസികകൾ തയ്യാറാക്കൽ | | പൊതുസ്ഥാപനങ്ങളുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തൽ |
| ഇംഗ്ലീഷ് പഠന വികസനം | | ക്ലാസ്സ് പി.റ്റി.എ കാര്യക്ഷമമാക്കുക |
| സാമൂഹ്യശാസ്ത്ര ബോധനം മികവുറ്റതാക്കൽ | | കോർണർ പി.റ്റി.എ സംഘടിപ്പിക്കുക |
| പ്രവർത്തിപരിചയ പഠനം ശക്തിപ്പെടുത്തുക | | വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കുവയ്ക്കുക |
| ഭാഷാലാബ് പ്രവർത്തനം സജ്ജമാക്കുക | | സൌഹൃദക്കൂട്ടം |
| ശാസ്ത്ര വിഷയപഠനം ശക്തിപ്പെടുത്തൽ | | ഭവനസന്ദർശനം |
| നാടക കളരികൾ | | |
| സംസ്കൃത ഭാഷാ പഠനം മികവുറ്റതാക്കുക | | |
| അടിക്കുറിപ്പ് രചനാക്കൂട്ടങ്ങൾ | | |
| ചോദ്യോത്തര കളരികൾ | | |

## ൭. പൊതുവായ അക്കാദമിക പ്രവർത്തനങ്ങൾ

വിദ്യാർത്ഥികളുടെ പഠന പ്രവർത്തനങ്ങൾ രസകരവും ആവേശകരവുമാക്കുന്നതിനുള്ള പവർത്തനങ്ങൾ അത്യാവശ്യമാണ്. ജൈവവൈവിദ്ധ്യ പാർക്ക് പ്രകൃതിയെ അടുത്തറിയുവാനും വൈവിധ്യമാർന്ന സസ്യജാലങ്ങളെ പരിചയപ്പെടുവാനും അവസരമൊരുക്കുന്നു. സജീവമായ പി റ്റി എ വിദ്യാലയത്തിന്റെ പ്രവർത്തനത്തെയും വിദ്യാർത്ഥികളുടെ പഠനത്തേയും മെച്ചപ്പെടു ത്തുന്നു. കൃത്യമായ അജണ്ടയിൽ മാസത്തിൽ ഒരുതവണ പി റ്റി എ കൂടുകയും പൊതു ചർച്ച ണ്ടാകുകയും വേണം. ഓണം, ക്രിസ്തുമസ് അവധി കാലങ്ങളിൽ ചിത്രരചനാ കളരികൾ, സാഹിത്യകാരന്മാരെയും പുസ്തകങ്ങളെയും പരിചയപ്പെടുത്തൽ, നാടൻപാട്ടുകളുടെ അവത ണം തുടങ്ങിയവ സംഘടിപ്പിക്കുക വഴി വിദ്യാർത്ഥികളിൽ സർഗ്ഗാത്മകത വളർത്താൻ സഹാ യിക്കും. ക്ലാസ്സ് ലൈബ്രറി പ്രവർത്തനം ശക്തിപ്പെടുത്തുക, രക്ഷിതാക്കളും അദ്ധ്യാപകരും അവ ുടെ ജന്മദിനത്തിൽ ഒരു പുസ്തകം ക്ലാസ്സ് ലൈബ്രറിക്ക് നൽകുക, വിദ്യാർത്ഥി പ്രതിനിധിയും, ക്ലാസ്സ് അദ്ധ്യാപകരും ലൈബ്രറി പ്രവർത്തനങ്ങൾ നിയന്ത്രിക്കുക. വിദ്യാർത്ഥികളുടെ രചനകൾ ൾപ്പെടുത്തി കൈയ്യെഴുത്ത് മാസികകൾ തയ്യാറാക്കുക. മദ്ധ്യവേനലവധിക്കാലത്ത് " ഗ്രാമർ ഗ്രാമീണം" എന്ന പേരിൽ ഇംഗ്ലീഷ് - ഹിന്ദി - മലയാളം എന്നീ വിഷയങ്ങളിലെ ഗ്രാമർ പഠന ക്ലാസ്സുകൾ വിദ്യാലയത്തിൽ സംഘടിപ്പിക്കുക. ഭാരതത്തിലെയും, ലോകത്തിലെയും പ്രധാന ചരിത്ര സംഭവങ്ങൾ എഴുതിയ ചാർട്ടുകൾ ക്ലാസ്സ് റൂമുകളിൽ പ്രദർശിപ്പിക്കുക. ഇത് ചരിത്ര ബോധം കുട്ടികളിൽ ഉണർത്താൻ സഹായിക്കും. ജനക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരി ക്കുന്ന പൊതു സ്ഥാപനങ്ങൾ, അവയുടെ സ്ലോഗൻ എന്നിവ ശേഖരിച്ച് പുസ്തക രൂപത്തിലാ ക്കുക. പഠനത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി രാവിലെ സ്കൂൾ സമയത്തിന് മുൻപോ, വൈകുന്നേരം സ്കൂൾ സമയത്തിനു ശേഷമോ ഇവരെ പ്രത്യേകമായി പരിഗണിക്കുക. വിദ്യാർത്ഥികളുടെ ശാസ്ത്ര അഭിരുചി വളർത്തുന്നതിനായി അവർക്ക് പരിചി തവും എന്നാൽ അവർ ശ്രദ്ധിക്കാത്തതുമായ രാസപ്രവർത്തനങ്ങൾ അവർക്ക് പരിചയപ്പെടു ത്തുക. അവധി ദിനങ്ങളിൽ ഏകദിന ക്യാമ്പുകൾ സംഘടിപ്പിച്ച് ഇവ നടത്തുക. പി റ്റി എ യും അദ്ധ്യാപകരും ഇതിന് നേതൃത്വം നൽകുക.

മേഖല - ഇംഗ്ലീഷ് ഭാഷാപഠനം

1. പ്രവർത്തനത്തിന്റെ പേര് - സംഭാഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മടികൂടാതെ ഇംഗ്ലീഷ് സംസാരിക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക | ആഴ്ചയിൽ ഒരുദിവസം ഇംഗ്ലീഷ് ദിനമായി ആച രിക്കുക. ആ ദിവസം ക്ലാസ്സുകളിൽ വിദ്യാർത്ഥി കൾ ആശയ വിനിമയം കഴിവതും ഇംഗ്ലീഷിലാ ക്കുക | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് അദ്ധ്യാപ കൻ | |

മേഖല - ഇംഗ്ലീഷ് ഭാഷാപഠനം

2. പ്രവർത്തനത്തിന്റെ പേര് - പദശേഖരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ ത്തിക വിശ കലനം |
|---|---|---|---|---|
| വിദ്യാർത്ഥികളിൽ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കുക | ഇംഗ്ലീഷ് പത്രങ്ങൾ വായിച്ച് പരിചിതമല്ലാത്ത പദങ്ങൾ ശേഖരിക്കു കയും അർത്ഥം കണ്ടെ ത്തുകയും ചെയ്യുക | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് അദ്ധ്യാപകൻ | 1000/- പി റ്റി എ |

## മേഖല- ഇംഗ്ലീഷ് ഭാഷാപഠനം

### 1. പ്രവർത്തനത്തിന്റെ പേര് – ഗ്രാമർ പ്ലേ (Grammer Play)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് വ്യകരണ പഠനം രസകരമാക്കുക | 1.കാലങ്ങളെ കഥാപാത്രങ്ങളാക്കി ആ കഥാപാത്രങ്ങളെ കൊണ്ട് അതാത് ടെൻസിലുള്ള വാചകങ്ങൾ പറയിച്ചു കൊണ്ട് നാടകാവതരണം<br><br>2.വെർബുകളുടെ പഠനത്തിന് കാർഡ് കളി ഉപയോഗിക്കുക. ഉദാഹരണം- Do- Did- Done ഇങ്ങനെ എഴുതിയ മൂന്ന് കാർഡുകൾ കിട്ടിയാൽ ഒരു ജോഡിയാകുന്നു | ആഴ്ചയിൽ ഒരു ദിവസം. | ഇംഗ്ലീഷ് അദ്ധ്യാപകൻ, SRG കൺവീനർ | |

ഖല - ഇംഗ്ലീഷ് ഭാഷാപഠനം

4. പ്രവർത്തനത്തിന്റെ പേര് - സ്കിറ്റ് & ഡ്രാമ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിലെ വ്യത്യസ്ത വ്യവഹാരങ്ങൾ രൂപങ്ങൾ പരിചയപ്പെടൽ (സർഗ്ഗാത്മക പ്രവർത്തനങ്ങൾ) | പാഠഭാഗങ്ങൾ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്ക് (ഡ്രാമ, സ്കിറ്റ്) മാറ്റിയെഴുതി അവതരിപ്പിക്കുക. | മാസത്തിൽ ഒന്ന് | ഇംഗ്ലീഷ് അദ്ധ്യാപകൻ SRG കൺവീനർ | |

ഖല - ഇംഗ്ലീഷ് ഭാഷാപഠനം

5. പ്രവർത്തനത്തിന്റെ പേര് - വാക്യരചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് വാചക നിർമ്മാണത്തിൽ സ്വയം പര്യാപ്തത നേടുക | ക്രമരഹിതമായി പദങ്ങൾ കൊടുത്ത് വാചകങ്ങൾ എഴുതിക്കുക | ആഴ്ചയിൽ രണ്ടു ദിവസം | ഇംഗ്ലീഷ് അദ്ധ്യാപകൻ | |

ഖല - ഇംഗ്ലീഷ് ഭാഷാപഠനം

1. പ്രവർത്തനത്തിന്റെ പേര് - ഇംഗ്ലീഷ് വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിൽ പിന്നോക്കം നിൽക്കുക വിദ്യാർത്ഥികളെ മെച്ചപ്പെടുത്തുക | ചെറിയ ചെറിയ ഇംഗ്ലീഷ് കഥാബുക്കുകൾ വായനയ്ക്ക് നൽകുക. അവയിലെ വാക്കുകളുടെ അർത്ഥങ്ങൾ കണ്ടെത്തുക | എല്ലാ ദിവസവും | ക്ലാസ്സിലെ വായനയിൽ സമർത്ഥരായ കുട്ടികൾ | |

## ഇംഗ്ലീഷ് ഭാഷാ പഠനം

### വിലയിരുത്തൽ സൂചകങ്ങൾ

**പ്രവർത്തനം - ഒന്ന്**

ഇംഗ്ലീഷിൽ വിവിധ പരിപാടികൾ നടത്തിയശേഷം അവയുടെ സ്ഫുടത പരിശോധിക്കുക. നന്നായി ചെയ്തവർ - കുഴപ്പമില്ലാതെ ചെയ്തവർ - മെച്ചപ്പെടുത്തൽ ആവശ്യമുള്ളവർ - പങ്കെടുക്കാത്തവർ

**പ്രവർത്തനം - രണ്ട്**

കൂടുതൽ പദങ്ങളും അർത്ഥങ്ങളും കണ്ടെത്തിയവർ - കുറച്ച് കണ്ടെത്തിയവർ - ഒന്നും കണ്ടെത്താത്തവർ

**പ്രവർത്തനം- മൂന്ന്**

(1) വാചകങ്ങൾ നല്കി അവ ഏത് കാലത്തിലെന്ന് കണ്ടുപിടിക്കുക. മുഴുവൻ വാചകങ്ങളും കണ്ടുപിടിച്ചവർ/ കുറച്ച് കണ്ടു പിടിച്ചവർ/ഒന്നും കണ്ടു പിടിക്കാത്തവർ

(2) Present Tense, Past Tense, Past Participle എന്നിങ്ങനെ വെർബിനെ തരംതിരിക്കുന്നു. എല്ലാ വെർബുകളും തരംതിരിച്ചവർ/കുറച്ച് മാത്രം തരംതിരിച്ചവർ/ഒന്നും തരം തിരിക്കാത്തവർ

**പ്രവർത്തനം- നാല്**

ഡ്രാമ, സ്കിറ്റ് മുതലായവ നന്നായി എഴുതി അവതരിപ്പിച്ചവർ- കുഴപ്പമില്ലാതെ അവതരിപ്പിച്ചവർ - പങ്കെടുക്കാത്തവർ

**പ്രവർത്തനം - അഞ്ച്**

ക്രമരഹിതമായ വാചകങ്ങൾ കൂടുതൽ എണ്ണം ശരിയായി എഴുതിയവർ - കുറച്ച് എണ്ണം എഴുതിയവർ - ഒന്നും എഴുതാത്തവർ

**പ്രവർത്തനം - ആറ്**

കുടുതൽ ബുക്കുകൾ വായിച്ച് കുടുതൽ വാക്കുകളുടെ അർത്ഥം കണ്ടെത്തിയവർ - ബുക്കുകൾ വായിച്ച് അർത്ഥം കുറച്ചു മാത്രം കണ്ടെത്തിയവർ- അർത്ഥം കണ്ടെത്താത്തവർ

**പൊതുവായ വിലയിരുത്തൽ സൂചകങ്ങൾ**

- കഥാരചന, ഉപന്യാസങ്ങൾ തുടങ്ങിയവ നടത്തുക
- ഇംഗ്ലീഷ് അസംബ്ളി കുട്ടികളുടെ നേതൃത്വത്തിൽ നടത്തുക
- ഭാഷാവിജ്ഞാന പരീക്ഷകൾ നടത്തുക

**മേഖല - മലയാള ഭാഷാപഠനം**

1. **പ്രവർത്തനത്തിന്റെ പേര് - വായനാകൂട്ടം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളും മലയാളം എഴുതുവാനും വായിക്കുവാനും പഠിക്കുക | അഞ്ച് കുട്ടികൾ വീതമുള്ള ഗ്രൂപ്പുകൾ ആക്കി വായനാക്കൂട്ടങ്ങൾ രൂപീകരിക്കുക. അവരുടെ അഭിരുചിക്കനുസരിച്ചുള്ള പുസ്തകങ്ങൾ വായിക്കുവാൻ നൽകുക. പുസ്തകത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ അദ്ധ്യാപകരുമായി പങ്കുവയ്ക്കുക | ആഴ്ചയിൽ രണ്ടു ദിവസം | അദ്ധ്യാപകൻ | |

2. **പ്രവർത്തനത്തിന്റെ പേര് - കാർഡുകളി ( Card Play)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്ഷരമറിയാത്ത കുട്ടികൾക്ക് അക്ഷരം ഉറപ്പിക്കുക | ചീട്ടുപോലെയുള്ള കാർഡുകളിൽ മലയാള അക്ഷരങ്ങൾ എഴുതി ജോഡി കളിപ്പിക്കുന്ന പ്രക്രിയ | ആഴ്ചയിൽ രണ്ടുദിവസം | അദ്ധ്യാപകൻ | 100/<br>പി റ്റി എ |

3. **പ്രവർത്തനത്തിന്റെ പേര് - പദനിർമ്മാണ കളരി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളം വായനയിൽ വളരെ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ടു കൊണ്ടുവരുക ( അഞ്ചാം ക്ലാസ്സ്) | പൂക്കളുകൾ, മറ്റ് സാധന സാമഗ്രികൾ എന്നിവയുടെ ചിത്രം കാണിച്ച് അവയുടെ പേര് എഴുതുക | ഉച്ചസയമത്തെ ഇടവേളകളിൽ | അദ്ധ്യാപകൻ | |

4.പ്രവർത്തനത്തിന്റെ പേര് - കടങ്കഥ പയറ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലയാളം വായനയും പഠ വും കൂടുതൽ രസകരമാക്കു നതിന് | വിദ്യാർത്ഥികളെ നാല് പേർ അട ങ്ങുന്ന ടീമാക്കി ടീമു കൾ തമ്മിൽ കടങ്കഥ പയറ്റുകൾ നട ത്തുന്നു. വിജയി ക്കുന്ന ടീമിന് സമ്മാ നങ്ങൾ നൽകാം | രണ്ടാഴ്ച യിൽ ഒരി ക്കൽ | അദ്ധ്യാപകൻ | 500/ പി റ്റി എ |

4. പ്രവർത്തനത്തിന്റെ പേര് - വാചക നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തറ്റുകൂടാതെ അർത്ഥപൂർണ്ണ യ വാചകങ്ങളുടെ നിർമ്മാണം | അഞ്ച് വിദ്യാർത്ഥി കൾ അടങ്ങുന്ന ഗ്രൂപ്പുകൾ ഉണ്ടാക്കി കമ്പ്യൂട്ടറിൽ ഒരു ഗ്രൂപ്പിലെ ആദ്യത്തെ കുട്ടി ഒരു വാക്ക് ടൈപ്പ് ചെയ്യുന്നു. തുടർന്ന് മറ്റ് കുട്ടി കളും ഓരോ പദ ങ്ങളും ടൈപ്പ് ചെയ്ത് വാചകം നിർമ്മിക്കുന്നു | ആഴ്ച യിൽ ഒരു ദിവസം | ഐ റ്റി അദ്ധ്യാപകൻ മലയാളം അദ്ധ്യാപകൻ | 500/ പി റ്റി എ |

5.പ്രവർത്തനത്തിന്റെ പേര് - പഴഞ്ചൊൽ കളരി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഷാജ്ഞാനം വർദ്ധിപ്പി ൽ | പഴഞ്ചൊല്ലുകൾ ശേഖരിച്ച് പതിപ്പ് തയ്യാ റാക്കി ക്ലാസ്സ് ലൈബ്രറി കളിൽ വയ്ക്കുക<br>"പഴഞ്ചൊൽ പറച്ചിൽ" മത്സരം സംഘടിപ്പിക്കുക ( ഓരോ വിഷയവുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലു കൾ മാത്രം പറയുക. വിജയിക്ക് സമ്മാനം നല്കുക.<br>ഉദാ: കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ല്, ആരോഗ്യവുമായി ബന്ധ പ്പെട്ടവ | മാസത്തിൽ ഒന്ന് | ക്ലാസ്സ് അദ്ധ്യാ പകൻ | 1000/ പി റ്റി എ |

## മലയാള ഭാഷാപഠനം

## വിലയിരുത്തൽ സൂചകങ്ങൾ

- വായനാ കുറിപ്പുകൾ, ഉപന്യാസങ്ങൾ തുടങ്ങിയവ എഴുതിക്കുക (മാസത്തിൽ ഒന്ന്)
- അടിക്കുറിപ്പ് രചന, ചിത്രം നോക്കി കഥാരചന തുടങ്ങിയവ നടത്തുക ( " " )
- വായനാ മത്സരങ്ങൾ സംഘടിപ്പിച്ച് വായനയിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തുക ( മാസത്തിൽ ഒന്ന്)
- വ്യത്യസ്ത വ്യവഹാര രൂപങ്ങൾ മാറ്റി എഴുതിക്കുക ( മാസത്തിൽ ഒന്ന്)

## മേഖല - ഹിന്ദി ഭാഷാപഠനം

### 1. പ്രവർത്തനത്തിന്റെ പേര് - അക്ഷരം ഉറപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്ഷരം ഉറപ്പിക്കൽ | വിദ്യാർത്ഥികളെ ഗ്രൂപ്പുകളാക്കി, കട്ടിയുള്ള പേപ്പറുകൾ ഉപയോഗിച്ച് ഹിന്ദി അക്ഷരങ്ങൾ ഉപയോഗിച്ച് ലളിത പദങ്ങൾ നിർമ്മിക്കുക ( ക്ലാസ്സ് അഞ്ച്) | ആഴ്ചയിൽ ഒരു ദിവസം | ഹിന്ദി അദ്ധ്യാപകൻ | 500/ പി റ്റി എ |

### 2. പ്രവർത്തനത്തിന്റെ പേര് - ഭാഷാപഠനം രസകരമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം രസകരമാക്കൽ | ഹിന്ദി സിനിമകൾ കാണിക്കുക. കവിതകൾ കേൾപ്പിക്കുക | രണ്ടാഴ്ചയിൽ ഒരു ദിവസം | ഐ റ്റി അദ്ധ്യാപകൻ, ഹിന്ദി അധ്യാപകൻ | |

### 3. പ്രവർത്തനത്തിന്റെ പേര് - ഹിന്ദി പദസമ്പത്ത് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികളിൽ ഹിന്ദി പദസമ്പത്ത് വർദ്ധിപ്പിക്കുക | വിവിധ വസ്തുക്കളുടെ പ്രദർശനം. അവയുടെ പേരുകൾ ഹിന്ദിയിൽ എഴുതി പ്രദർശിപ്പിക്കുക | മാസത്തിൽ ഒരു ദിവസം | ഹിന്ദി അധ്യാപകൻ | 500/ പി റ്റി എ |

**4. പ്രവർത്തനത്തിന്റെ പേര് - ഹിന്ദി സംഭാഷണ പരിചയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംഭാഷണ മികവ് വിദ്യാർത്ഥികളിൽ ഉണ്ടാക്കുക | വിദ്യാർത്ഥികളെ ഗ്രൂപ്പുകളാക്കി നടക വായന പരിശീലിപ്പിക്കൽ | മാസത്തിൽ ഒരു ദിവസം | ഹിന്ദി അധ്യാപകൻ | |

**മേഖല - ഹിന്ദി ഭാഷാപഠനം**

## വിലയിരുത്തൽ സൂചകങ്ങൾ

- കേട്ടെഴുത്തകൾ നടത്തുക
- സംഭാഷണം തയ്യാറാക്കൽ
- കവിതാ മത്സരങ്ങൾ  സംഘടിപ്പിക്കുക

## മേഖല - ശാസ്ത്ര പഠനം

### 1. പ്രവർത്തനത്തിന്റെ പേര് - പരീക്ഷണ മികവ് വളർത്തുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികളിൽ പരീക്ഷണ മികവ് വളർത്തിയെടുക്കൽ | ഓരോ ക്ലാസ്സിലും ശാസ്ത്ര അനുബന്ധ മാസികകൾ, ചുറ്റുപാടിൽ നിന്നു ലഭിക്കുന്ന TLM -കൾ എന്നിവ ചേർത്ത് സയൻസ് മൂലകൾ നിർമ്മിക്കുക | മാസത്തിൽ ഒന്ന് | സയൻസ് അദ്ധ്യാപകൻ | 1000/ പി റ്റി എ |

### 2. പ്രവർത്തനത്തിന്റെ പേര് - ശാസ്ത്രപഠനം രസകരമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികളിൽ ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പ്രദർശനങ്ങൾ കാണുന്നതിനായുള്ള പഠനയാത്രകൾ നടത്തുക. (ശാസ്ത്ര മേളകൾ സന്ദർശിക്കൽ) | വർഷത്തിൽ ഒന്ന് | സയൻസ് ക്ലബ് പി റ്റി എ | 10000/ പി റ്റി എ സ്കൂൾ വികസന സമിതി |

### 3. പ്രവർത്തനത്തിന്റെ പേര് - ശാസ്ത്രബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികളിൽ ശാസ്ത്ര ബോധം വളർത്തുക | പുതുതലമുറയിലെ ശാസ്ത്രജ്ഞന്മാരെ കണ്ടെത്തി അവരുടെ ക്ലാസ്സുകൾ വിദ്യാലയത്തിൽ സംഘടിപ്പിക്കുക | വർഷത്തിൽ ഒന്ന് | സയൻസ് ക്ലബ് | 3000/ പി റ്റി എ സ്കൂൾ വികസന സമിതി |

## മേഖല - ശാസ്ത്ര പഠനം

### 4 പ്രവർത്തനത്തിന്റെ പേര് - ശാസ്ത്ര പരീക്ഷണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസ്സിലും കുട്ടി ശാസ്ത്രജ്ഞന്മാരെ രൂപപ്പെടുത്തൽ | ശാസ്ത്ര പരീക്ഷണ നിരീക്ഷണ ക്ലാസ്സുകൾ സംഘടിപ്പിക്കുക. കുട്ടികളെ കൊണ്ട് സ്വയം ശാസ്ത്ര പരീക്ഷണങ്ങൾ പ്രദർശിപ്പിക്കുക<br>മികവുറ്റ ലാബുകൾ സജ്ജീകരിക്കുക. അതിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുക | മാസത്തിൽ ഒന്ന്<br>രണ്ടു വർഷം | സയൻസ് ക്ലബ്<br>സ്കൂൾ വികസന സമിതി | 3000/ സ്കൂൾ വികസന സമിതി<br>50000/ സ്കൂൾ വികസന സമിതി |

### 5. പ്രവർത്തനത്തിന്റെ പേര് - ശലഭോദ്യാന നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികളിൽ പ്രകൃതി സ്നേഹം, നിരീക്ഷണ പാടവം എന്നിവ വളർത്തുക | ജൈവവൈവിദ്ധ്യ പാർക്കിനോടനുബന്ധിച്ച് ശലഭോദ്യാനം സജ്ജീകരിക്കുക | ഒരു വർഷം | സയൻസ് ക്ലബ്<br>പി റ്റി എ | 40000/<br>പ്രാദേശിക സഹകരണ സ്ഥാപനം |

## മേഖല - ശാസ്ത്ര പഠനം

## വിലയിരുത്തൽ സൂചകങ്ങൾ

പ്രവർത്തനം - ഒന്ന്

റിപ്പോർട്ട് തയ്യാറാക്കാൻ ആവശ്യപ്പെടുക. നല്ല റിപ്പോർട്ടിന് സമ്മാനം ഏർപ്പെടുത്തുക

പ്രവർത്തനം - രണ്ട്

ശാസ്ത്രജ്ഞന്മാരെ കണ്ടെത്തി അവരുടെ കണ്ടെത്തലുകളെക്കുറിച്ച് ചർച്ച നടത്തി അവ സമൂഹത്തിന് എങ്ങനെ പ്രയോജനപ്പെടുന്നു എന്നു കണ്ടെത്തുക

പ്രവർത്തനം- മൂന്ന്

ശാസ്ത്ര പ്രദർശനങ്ങൾ സ്കൂൾ തലത്തിൽ സംഘടിപ്പിച്ച് അവ ക്ലാസ്സ് അടിസ്ഥാനത്തിൽ വിലയിരുത്തൽ നടത്തി സമ്മാനങ്ങൾ ഏർപ്പെടുത്തുക

പ്രവർത്തനം- നാല്

ശലഭോദ്യാനത്തിൽ നട്ടിരിക്കുന്ന ചെടികളുടെ ശാസ്ത്രീയ നാമം, അവയുടെ പ്രത്യേകതകൾ എന്നിവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുക. ശലഭോദ്യാനം സന്ദർശിക്കുന്ന ശലഭങ്ങളെ നിരീക്ഷിച്ച് അവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

## മേഖല - ഗണിതം

### 1. പ്രവർത്തനത്തിന്റെ പേര് - ഗണിതപഠനം രസകരമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപഠനം അനായാസവും രസകരവുമാക്കുക | ഗണിത ലാബുകൾ തയ്യാറാക്കുക. ലാബിൽ വിവിധ വർണ്ണങ്ങളിലുള്ള ഗണിത രൂപങ്ങൾ, സംഖ്യാ പാറ്റേണുകൾ പ്രദർശിപ്പിക്കുക | മൂന്നു മാസം<br>ആഴ്ചയിൽ ഒന്ന് | ഗണിത അധ്യാപകൻ | 15000/ സ്കൂൾ വികസന സമിതി |

### 2. പ്രവർത്തനത്തിന്റെ പേര് - ക്രയവിക്രയത്തിലൂടെ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | കുട്ടികളുടെ നേതൃത്വത്തിൽ സ്റ്റേഷനറി കട സംഘടിപ്പിക്കുക | മൂന്നാഴ്ചയിൽ ഒരിക്കൽ | SRG<br>ഗണിത അദ്ധ്യാപകൻ | 2000/<br>പി റ്റി എ |

### 3. പ്രവർത്തനത്തിന്റെ പേര് ഗണിതദിനം ആചരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികൾക്ക് ഗണിതത്തോടുള്ള പേടിയും വിരസതയും ഒഴിവാക്കൽ | നമ്മുടെ നിത്യേനയുള്ള സംഭാഷണങ്ങളിലും പ്രവർത്തനങ്ങളിലും ഗണിതം ഒളിഞ്ഞിരുപ്പുണ്ടെന്ന് കുട്ടികളെ മനസ്സിലാക്കുക. ഗണിത ദിനത്തിൽ ഗണിത സൂചനകൾ വരാതെ പരസ്പരം സംഭാഷണം നടത്തുക | മാസത്തിൽ ഒന്ന് | ഗണിതാധ്യാപകൻ | |

## മേഖല - സാമൂഹ്യശാസ്ത്രം

### 1. പ്രവർത്തനത്തിന്റെ പേര് - പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മെച്ചപ്പെട്ട സാമൂഹ്യ ബോധം വിദ്യാർത്ഥിക ളിൽ ഉണ്ടാക്കുക | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലം, സ്മാരകങ്ങൾ തുടങ്ങിയവ സന്ദർശിക്കുക | വർഷത്തിൽ ഒന്ന് | സാമൂഹ്യ ശാസ്ത്ര ക്ലബ് | 5000/ സ്കൂൾ വികസന സമിതി |

### 2. പ്രവർത്തനത്തിന്റെ പേര് - ഭൂപടധാരണ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൂപടങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ കൈവരിക്കൽ | ഗ്രൂപ്പടിസ്ഥാനത്തിൽ പഠനോപകരണ നിർമ്മാണം, ഡിസ്പ്ലേ ബോർഡുകൾ നിർമ്മിക്കൽ | മൂന്നു മാസത്തിൽ ഒരിക്കൽ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | 3000/ പി റ്റി എ |

### 3. പ്രവർത്തനത്തിന്റെ പേര് - സമൂഹത്തെ അടുത്തറിയുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികൾക്ക് ജനാധിപത്യ സാമൂഹിക പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുക | പഞ്ചായത്ത് സന്ദർശിക്കുകയും അവയുടെ പ്രവർത്തനം നിരീക്ഷിക്കുകയും ചെയ്യുക | വർഷത്തിൽ ഒന്ന് | സാമൂഹ്യ ശാസ്ത്ര ക്ലബ് | 1000/ പി റ്റി എ |

### വിലയിരുത്തൽ സൂചകങ്ങൾ

- പ്രവർത്തന റിപ്പോർട്ടുകൾ തയ്യാറാക്കുക

## മേഖല- ഭൗതികം

### 1. പ്രവർത്തനത്തിന്റെ പേര് – ഭോജനശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കുട്ടികൾക്ക് സൌകര്യപ്രദമായി ഇരുന്ന് ഭക്ഷണം കഴിക്കുന്നതിന് | ഡൈനിംഗ് ഹാൾ നിർമ്മിച്ച് ആവശ്യമായ ഫർണ്ണീച്ചറുകൾ, വയറിംഗ് പ്രവർത്തനങ്ങൾ എന്നിവ നടത്തുക | രണ്ട് വർഷം | സ്കൂൾ വികസന സമിതി കമ്മിറ്റി പി റ്റി എ | 1000000/ എം പി ഫണ്ട് |

4. പ്രവർത്തനത്തിന്റെ പേര് - ലൈബ്രറി സജ്ജീകരിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആകർഷകമായ ലൈബ്രറി തയ്യാറാക്കുക | സ്കൂൾ കെട്ടിടത്തിലുള്ള ഒരു മുറി ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കി ലൈബ്രറി ആക്കുക | ഒരു വർഷം | സ്കൂൾ വികസന സമിതി | 100000/ സഹകരണ സ്ഥാപനങ്ങൾ |

5. പ്രവർത്തനത്തിന്റെ പേര് - ഓഡിറ്റോറിയം നവീകരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓഡിറ്റോറിയം നവീകരിക്കൽ | സ്കൂൾ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയം ആധുനിക സജ്ജീകരണങ്ങളോടെ നവീകരിക്കുക | ഒരു വർഷം | സ്കൂൾ വികസന സമിതി | 100000/ പൂർവ്വ വിദ്യാർത്ഥികൾ അഭ്യൂദയകാംക്ഷികൾ |

6.

6. പ്രവർത്തനത്തിന്റെ പേര് - സ്കൂൾ ഗ്രൗണ്ട് നവീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പ്രവർത്തനങ്ങൾക്ക് മികവുറ്റ പരിശീലനം നല്കുക | സ്കൂൾ ഗ്രൗണ്ട് മികവുറ്റതാക്കൽ, ഗോൾപോസ്റ്റുകൾ, നെറ്റുകൾ സ്ഥാപിക്കുക, ഷട്ടിൽ കോർട്ട് ഉണ്ടാക്കുക | 2 വർഷം | പി ററി എ | 50000/ സ്കൂൾ വികസന സമിതി |

# മേഖല – സാമൂഹ്യം

## 1. സ്കൂൾ പടിയ്ക്കൽ വായനാമൂല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ പങ്കാളിത്തം മെച്ചപ്പെടുത്തുക | സ്കൂൾ പടിയ്ക്കൽ താൽക്കാലിക വായനാമൂല സ്ഥാപിക്കുക. പൊതുജനങ്ങൾക്കായി ആനുകാലികങ്ങൾ, ഭാഷാപത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കുക. | പ്രവർത്തി ദിനങ്ങൾ | വിദ്യാരംഗം കലാ – സാഹിത്യ സമിതി | 2000 / പി റ്റി എ |

## 2. പ്രവർത്തനത്തിന്റെ പേര് – കോർണർ പി റ്റി എ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കോർണർ പി റ്റി എ ശക്തിപ്പെടുത്തൽ | വിദ്യാർത്ഥികളുടെ വീട്ടിലോ സമീപ പ്രദേശത്തെ പൊതു സ്ഥലത്തോ കോർണർ പി റ്റി എ സംഘടിപ്പിക്കുക. | രണ്ട് മാസത്തിൽ ഒന്ന് | പി റ്റി എ | 2000/ പി റ്റി എ |

### 4. പ്രവർത്തനത്തിന്റെ പേര് - സൗഹൃദക്കൂട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ഇടപെടൽ മെച്ചപ്പെടുത്തുക | വിദ്യാലയത്തിന്റെ സമീപ പ്രദേശത്തുള്ളവരെ സംഘടിപ്പിക്കുകയും സൗഹൃദ കൂട്ടങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക. വിദ്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ അഭിപ്രായങ്ങൾ സ്വീകരിക്കുക | മാസത്തിൽ ഒന്ന് | പി റ്റി എ | |

### 5. പ്രവർത്തനത്തിന്റെ പേര് - പ്രതിഭ കിരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനത്തിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ കണ്ടെത്തി മത്സര പരീക്ഷകൾ നേരിടുന്നതിൽ പ്രാപ്തരാക്കുക (Entrance Exam, P S C Exam etc) | ആഴ്ചയിൽ ഒന്നു വീതം മത്സര പരീക്ഷകൾക്ക് ഉതകുന്ന രീതിയിലുള്ള പഠന പ്രവർത്തനങ്ങൾ നടത്തുക<br><br>മത്സര പരീക്ഷക്ക് പരിശീലനം നല്കുന്ന അദ്ധ്യാപകരെ കൊണ്ട് മാസത്തിൽ ഒന്ന് ക്ലാസ്സ് നടത്തുക | മൂന്ന് വർഷം | ക്ലാസ്സ് അദ്ധ്യാപകൻ<br><br>പി റ്റി എ | 20000/<br>പി റ്റി എ<br>സ്കൂൾ വികസന സമിതി |

### 6. പ്രവർത്തനത്തിന്റെ പേര് - ഭിന്നസേഷിക്കാരായ കുട്ടികളുടെ പഠന ശേഷി വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭിന്നശേഷിക്കാരായ കുട്ടികളെ പഠന മികവിൽ എത്തിക്കുക | പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ ക്ലാസ്സുകൾ ഇവർക്കായി സംഘടിപ്പിക്കുക | മൂന്ന് വർഷം | SRG<br>ക്ലാസ്സ് അദ്ധ്യാപകൻ | 10000/<br>സ്കൂൾ വികസന സമിതി |

## 7.പ്രവർത്തനത്തിന്റെ പേര് - ഫുട്ബോൾ ക്ലബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്പോർട്സിൽ താല്പര്യമുള്ള വിദ്യാർത്ഥികളെ മികവിൽ എത്തിക്കുക | ഫുട്ബോൾ കളിയിൽ താല്പര്യമുള്ള മികവു പ്രകടിപ്പിക്കുന്ന കുട്ടികളെ തെരഞ്ഞെടുത്ത് ടീം ഉണ്ടാക്കുക. പുറത്തുനിന്ന് പരിശീലകനെ വച്ച് ടീമിനെ പരിശീലിപ്പിക്കുക. മത്സരങ്ങളിൽ പങ്കെടുപ്പിക്കുക.(പരിശീലനം അവധി ദിനങ്ങളിൽ) | മൂന്നു വർഷം | പി റ്റി എ സ്കൂൾ വികസന സമിതി | 30000/ സ്കൂൾ വികസന സമിതി |

## പ്രതീക്ഷിത നേട്ടങ്ങൾ

- ✓ വിദ്യാലയത്തിലെ പഠനാന്തരീക്ഷം സൗഹൃദപരവും ആകർഷകവും ആക്കുവാൻ സാധിക്കുന്നു
- ✓ വിദ്യാലയം സാമൂഹികവൽക്കരിക്കപ്പെടുന്നു
- ✓ അശാസ്ത്രീയമായ പ്രവർത്തന രീതികൾ ഒഴിവാക്കുവാൻ സാധിക്കുന്നു
- ✓ വിദ്യാർത്ഥികളിൽ മെച്ചപ്പെട്ട ജീവിതശൈലി രൂപപ്പെടുത്തുവാൻ കഴിയുന്നു
- ✓ അച്ചടക്കവും സാമൂഹിക പ്രതിബദ്ധതയുമുള്ള തലമുറയെ വാർത്തെടുക്കുവാൻ സഹായിക്കുന്നു
- ✓ മെച്ചപ്പെട്ട ജീവിത നിലവാരമുള്ള സാമൂഹിക ചുറ്റുപാട് ഉണ്ടാകുന്നു
- ✓ ലഹരി ഉപയോഗ രഹിതമായ സമൂഹം
- ✓ മുതിർന്നവരെ ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന മൂല്യബോധമുള്ള സമൂഹം

## ഉപസംഹാരം

ഒരു കാലഘട്ടത്തിൽ വിദ്യാർത്ഥികളാൽ സമ്പന്നമായിരുന്ന നമ്മുടെ പൊതു വിദ്യാലയങ്ങൾ കച്ചവട മനസ്തിതിയോടെ പ്രവർത്തിക്കുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കടന്നു വരവോടെ ജീർണ്ണാവസ്തയിലേക്ക് നീങ്ങുന്ന അവസരത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സർക്കാർ പൊതു വിദ്യാലയങ്ങളുടെ പ്രവർത്തനത്തിൽ ഉണർവും ഊർജ്ജവും പകർന്നു നൽകി. മനുഷ്യരിൽ സഹജീവി സ്നേഹവും കാരുണ്യവും വളർത്താൻ ഉതകുന്നു. പൊതു വിദ്യാലയ വിദ്യാഭ്യാസ രീതിയിലൂടെ വൃദ്ധ സദനങ്ങളെയും സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളെയും സമൂഹത്തിൽ നിന്നും ഒഴിവാക്കാം. നന്മയും സ്നേഹവും തുളുമ്പുന്ന പൊതു വിദ്യാലയങ്ങൾ സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും കർത്തവ്യമാണ് കൂടുതൽ മികവുറ്റ പ്രവർത്തനത്തിലേക്ക് വിദ്യാലയത്തെ എത്തിക്കാൻ ഈ വികസന രേഖ ഉതകുമെന്ന ശുഭ പ്രതീക്ഷയോടെ..............................